പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5627 5/07/2013 ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ നിലവാരമുയർത്താൻ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ് :<br>,, ആർ. സെൽവരാജ് :<br>,, ബെന്നി ബെഹനാൻ :<br>.. വർക്കല കഹാർ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗം ആഗോള നിലവാരത്തിലെത്തിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;<br>ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;<br>സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;<br>(ഡി) എന്തെല്ലാം വിദ്യാഭ്യാസ സൗകര്യങ്ങളാണ് പദ്ധതികളിൽ ഒരുക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (എ) യും (ബി) യും (സി) യും (ഡി) യും | സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗം ആഗോള നിലവാരത്തിൽ ഉയർത്താൻ സർക്കാർ സ്കൂളുകളെ അന്തർദേശീയതലത്തിൽ ഉയർത്തുന്ന തരത്തിൽ പദ്ധതി ആവിഷ്കരിക്കാൻ വിദ്യാഭ്യാസ വകുപ്പും, സർക്കാരും തമ്മിൽ ചർച്ചകൾ നടന്നു വരുന്നു. വിശാലമായ സ്കൂൾ കെട്ടിടങ്ങൾ, ആഡിറ്റോറിയം, നന്നായി സജ്ജീകരിച്ച ക്ലാസ് മുറികൾ, ലൈബ്രറി, ലാബോറട്ടറി, ഐ.റ്റി. ഭാഷാലാബും കൂടാതെ കലാകായിക വിനോദങ്ങൾക്കുള്ള സൗകര്യങ്ങൾ, നീന്തൽക്കുളം, നാലുവശവും കവർ ചെയ്ത മതിൽകെട്ട് എന്നീ സൗകര്യങ്ങളുള്ള അന്തർദേശീയ നിലവാരത്തിലുള്ള സ്കൂളുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. വിദേശ രാജ്യങ്ങളിലെ വിദ്യാലയങ്ങളിലെ നിലവാരത്തിൽ സംസ്ഥാനത്തെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുകയും, അതിലൂടെ മെച്ചപ്പെട്ട വിദ്യാഭ്യാസം കേരള സംസ്ഥാനത്തെ കുട്ടികൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. RMSA, SSA, SIEMAT, SCERT, IT @ School എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. MP, MLA ഫണ്ടുകളും ഇതിനായി വിനിയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ